


Vol.: 4 Issue No. : 3 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE FEBRUARY 2018

# Editorial

ഒരു പുഴുവിൽ നിന്നും പൂമ്പാറ്റയിലേയ്ക്കുള്ള ദൂരം... അതാണ് ഈ നോമ്പുകാലത്ത് നാം യാത്ര ചെയ്യേണ്ട ദൂരം... വൈരൂപ്യത്തിൽ നിന്നും വർണ്ണശബളിമയിലേയ്ക്കും, ദൈവാനുഗ്രഹത്തിന്റെ അനന്ത വിഹായസിലെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ദൂരം... പുഴു തീർക്കുന്ന കൊക്കൂണിൽ നിന്ന് സ്വയം പുറത്തു വരുന്ന സ്വാതന്ത്ര്യമാണ് ശലഭത്തിന്റെ അസ്തിത്വം.

നോമ്പുകാലം ഇത്തരത്തിലുള്ള ഒരു ആത്മപരിശോധനയുടെയും സ്വയം പരിശീലനത്തിന്റെയും സമയമാണ്... സ്വസ്ഥമായി ഇരുന്നു ജീവിതാനുഭവത്തിന്റെ വിവിധ തലങ്ങളെ അവധാനതയോടെ വിലയിരുത്തുവാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഉള്ള ആത്മീയ ധ്യാനസപര്യയുടെ കാലഘട്ടം. ഉള്ളിൽ പണിത ധ്യാനതപോമണ്ഡലത്തിൽ വൈരൂപ്യങ്ങളെ എരിച്ചു തീർത്തു, ഉത്ഥാനത്തിന്റെ ആനന്ദത്തിലേയ്ക്കു പാകപ്പെടാനുള്ള അവസരം.

എന്റെയും നിങ്ങളുടെയും ജീവിതത്തിലെ metamorphosis നടക്കേണ്ട സമയം കൂടിയാണിത്. രൂപാന്തരീകരണത്തിന്റെ വേദനയും അവസ്ഥാന്തരത്തിന്റെ സന്തോഷവും അനുഭവിക്കുന്ന നേരം കൂടിയാണത്.

ഓരോ മനുഷ്യനിലും അന്തർലീനമായിട്ടുള്ള ഒരാത്മീയതയുണ്ട്. പരസ്പരം ബന്ധപ്പെടുവാനും സ്നേഹിക്കാനും ഉള്ള ശക്തി. ആ ശക്തിയെ സ്ഫുടം ചെയ്തു നിസ്വാർത്ഥസ്നേഹത്തിന്റെ പരമകാഷ്ഠത്തിലെത്തിക്കാൻ ഈ നോമ്പുകാലം നമ്മെ പ്രാപ്തമാക്കട്ടെ. സഹോദരനുവേണ്ടി കുരിശിൽ മരിച്ച ദൈവപുത്രൻ നമുക്ക് മുൻപിൽ തീർത്തതും ഇതേ സ്നേഹത്തിന്റെ പരമോന്നത പ്രകാശനമാണ്.

നിസ്വാർത്ഥ സ്നേഹത്തിന്റെ വിഹായസ്സിൽ പറന്നുയരാൻ ഈ നോമ്പുകാലം നാമേവരെയും പ്രാപ്തമാക്കട്ടെ...

സ്നേഹപൂർവ്വം

**ഫാ. സിജോ ചെറുവത്തൂർ**

എഡിറ്റർ




ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസിൽ വിവിധ പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയ 250 വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഹെൽത്ത് കെയർ സ്കിൽ സെക്ടർ കൗൺസിലിന്റെ സർട്ടിഫിക്കറ്റുകൾ ജനുവരി 26ന് നടന്ന സമ്മേളനത്തിൽ വിദ്യഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വിതരണം ചെയ്തു. സമ്മേളനത്തിൽ തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു. ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോ. ബിമൽ ചാൾസ് മുഖ്യാതിഥിയായിരുന്നു.

HSSC-യുടെ നോഡൽ ഓഫീസർ ഡോ. സഞ്ചു തോമസ്, CMAI യുടെ സാരഥികളായ ശ്രീ. ഐ. ആർ. അഷർ, ശ്രീ. പോൾ രാജ്, AHP സെക്രട്ടറി ശ്രീ. ലിറിക് അബ്രഹാം. ജൂബിലി മിഷൻ ആശുപത്രി CEO ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകൾ നേർന്നു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, കോർഡിനേറ്റർ ഫാ. ടിജോ മുള്ളക്കര നന്ദിയും രേഖപ്പെടുത്തി.

ജൂബിലി മിഷൻ നഴ്സിംഗ് കോളേജിന്റെ 15-ാമത്തെയും സ്കൂളിന്റെ 53-ാമത്തെയും ബാച്ചിന്റെ ഉദ്ഘാടനം ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ അധ്യക്ഷതയിൽ നിലവിളക്കുകൊളുത്തി ആരംഭിച്ചു. നഴ്സിങ്ങിന്റെ സമകാലിക ആവശ്യത്തെക്കുറിച്ച് പിതാവ് വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. സി. ലിസ പോൾ (പ്രിൻസിപ്പൽ, സെന്റ് ജോസഫ് നഴ്സിംഗ് സ്കൂൾ, ചൂണ്ടൽ) മുഖ്യപ്രഭാഷണം നടത്തി.




**പാസ്റ്ററൽ കെയർ വിഭാഗത്തിൽ സ്തുത്യർഹ സേവനത്തിന് ശേഷം പുതിയ അജപാലന മേഖലയിലേക്ക് സ്ഥലം മാറിപ്പോയ ബഹു. വൈദീകർക്ക് യാത്രാമംഗളങ്ങൾ**



ഫാ. ജോസ് ഐനിക്കൽ

ഫാ. പോൾ അറയ്ക്കൽ



**പാസ്റ്ററൽ കെയർ വിഭാഗത്തിൽ സേവനം ചെയ്യുന്നതിനായി എത്തിയ ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ടിന് സുസ്വാഗതം**






# വാക്സിനേഷന്റെ പ്രാധാന്യം

കുട്ടികൾക്ക് വിവിധ വാക്സിനേഷനുകൾ നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധ ക്ലാസ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസി. പ്രൊഫ. ഡോ. റോണി തോമസ് ക്ലാസ് നയിച്ചു. തൃശ്ശൂർ കേരളവർമ്മ കോളേജിൽ എൻ.സി.സി. ഗേൾസ് ബറ്റാലിയന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടി, കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ലത സി. എം. നിർവ്വഹിച്ചു. അടുത്തകാലത്തായി സാമൂഹ്യ മാധ്യമങ്ങളിൽ വാക്സിനേഷന് എതിരായ പ്രചരണങ്ങൾ കാരണമാണ് അവബോധ ക്ലാസ് സംഘടിപ്പിച്ചത്.

IT Corner

## പാക്സ് (PACS)



പിക്ചർ ആർച്ചിവിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം അഥവാ പാക്സ് (PACS) എന്നാണ് ഈ ടെക്നോളജിയെ റേഡിയോളജിസ്റ്റുകൾ വിളിക്കുന്നത്.

രോഗനിർണ്ണയത്തിനു നാം പണ്ടുമുതൽ ഉപയോഗിച്ച് വരുന്ന എക്സറേ ഫിലിമിൽ നിന്ന് ഇതു വളരെ വിഭിന്നമാണ്. എക്സറേ എടുത്തതിന് ശേഷം രോഗി ഫിലിമിന് വേണ്ടി കാത്തിരിക്കേണ്ടി വരുന്നത് മുതൽ തുടങ്ങുന്നു അതിനെ ചുറ്റിപ്പറ്റിയുള്ള പ്രശ്നങ്ങൾ. രോഗനിർണ്ണയത്തിനു വേണ്ടി ആ ഫിലിം ഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോകണം, ആവശ്യമെങ്കിൽ വാർഡുകളിലേക്ക് കൊണ്ടുപോകണം. ഇതുപോലെ ഈ രോഗ നിർണ്ണയത്തിനു വേണ്ടി എക്സറേ ഫിലിമിന്റെ ആവശ്യം എവിടെയൊക്കെ ഉണ്ടോ അവിടെയൊക്കെ നമ്മൾ ഇതു കൊണ്ട് പോകേണ്ടതായി വരുന്നു. ഇതിനിടയ്ക്ക് ഈ ഫിലിം കേടുവന്നാലോ നഷ്ടപ്പെട്ടാലോ തുടർന്നുള്ള രോഗനിർണ്ണയത്തിനോ തുടർചികിത്സയ്ക്കോ ഇതു തടസ്സമാകുന്നു. ഇതിനുള്ള പരിഹാരവും കൂടിയാണ് പാക്സ് സാങ്കേതികവിദ്യ.

പാക്സ് സാങ്കേതികവിദ്യയിൽ ഹാർഡ് വെയറിന്റെയും സോഫ്റ്റ് വെയറിന്റെയും ഒരു പോലെയുള്ള പങ്കാളിത്തം നിർണ്ണായകമാണ്. എല്ലാവിധ റേഡിയോളജി ഉപകരണങ്ങളും (CT Scan, Endoscopy, Ultra Sound, Angiography etc...) ഈ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിരിക്കുന്നതുകൊണ്ട് ഈ ഉപകരണങ്ങൾ ഉപയോഗിച്ച് സ്കാൻ ചെയ്ത് എടുക്കുന്ന എല്ലാ ഇമേജുകളും Server Computer ലേക്ക് പോകുന്നു. ഇവിടെ നിന്ന് സോഫ്റ്റ് വെയർ ഉപയോഗിച്ച് ഹോസ്പിറ്റലിൽ ഉള്ള എല്ലാ കമ്പ്യൂട്ടറുകളിലും മൊബൈലുകളിലും സ്കാൻ ചെയ്ത ഈ ഇമേജ് ലഭ്യമാകുന്നു. ഇതു മൂലം ഡോക്ടർക്ക് വേഗത്തിൽ രോഗനിർണ്ണയത്തിനു വഴി ഒരുക്കുന്നു.

രോഗനിർണ്ണയത്തിനു രോഗി പിന്നീട് എപ്പോഴെങ്കിലും ഹോസ്പിറ്റലിൽ വരേണ്ടിവരികയാണെങ്കിൽ സ്കാൻ ചെയ്ത ഇമേജ് കൊണ്ടുവരേണ്ടതില്ല. Patient ID മാത്രം ഉപയോഗിച്ചുകൊണ്ട് ഡോക്ടർക്ക് ഈ സ്കാൻ ഇമേജ് അദ്ദേഹത്തിന്റെ കമ്പ്യൂട്ടറിൽ ലഭിക്കുന്നു.

രോഗി ആവശ്യപ്പെട്ടാൽ അവർക്ക് എക്സറേ ഇമേജ് CD-യിലോ ഇമെയിലിലോ കൊടുക്കുന്നതു വഴി എത്ര കാലം കഴിഞ്ഞാലും ആ ഇമേജ് കേടുകൂടാതെയും നഷ്ടപ്പെടാതെയും ഇരിക്കുന്നു.ഏതെങ്കിലും കാരണവശാൽ ഇമേജ് രോഗിയുടെ കയ്യിൽ നിന്നും നഷ്ടപ്പെട്ടാൽ ആ ഇമേജ് ആറു മുതൽ ഏഴു വർഷകാലം ഹോസ്പിറ്റലിൽ ലഭ്യമാകും എന്നതും ഇതിന്റെ പ്രത്യേകതയാകുന്നു..

**ഇതു മൂലമുള്ള പ്രയോജനങ്ങൾ:**

- എക്സറേ എടുത്തതിനു ശേഷം രോഗി ഫിലിമിന് വേണ്ടി കാത്തിരിക്കേണ്ടതില്ല.
- ഫിലിം ഇല്ലാതെ തന്നെ രോഗനിർണ്ണയത്തിനു വഴി ഒരുക്കുന്നു.
- റിപ്പോർട്ടിംഗ് ടൈം കുറക്കുന്നു.
- ഡോക്ടർക്ക് എക്സറേ ഇമേജ് വേഗത്തിലും എളുപ്പത്തിലും ലഭ്യമാകുന്നു.
- എക്സറേ ഇമേജ് നഷ്ടപ്പെടുമെന്നോ കേടാകുമെന്നോ പേടിയ്ക്കേണ്ട.
- എക്സറേ എടുത്തു കാലങ്ങൾക്ക് ശേഷവും ഇമേജ് അതുപോലെ തന്നെ ലഭ്യമാകുന്നു.

ബി. റിജോ റപ്പായി EDP

# മുരിങ്ങയുടെ അത്ഭുത രഹസ്യങ്ങൾ

- വിറ്റാമിൻ എ ധാരാളം അടങ്ങിയിരിക്കുന്നതിനാൽ കണ്ണിന് നല്ലത്.
- മുരിങ്ങയിലനീരിൽ തേൻ ചേർത്തുകഴിക്കുന്നത് തിമിര രോഗബാധ കുറയ്ക്കുമത്രേ!
- പാലിൽ അടങ്ങിയിരിക്കുന്നതിനേക്കാൾ രണ്ടുമടങ്ങ് കാത്സ്യവും ചീരയിലുള്ളതിനേക്കാൾ മൂന്നിരട്ടി ഇരുമ്പും മുരിങ്ങയിൽ ഉണ്ട്.
- ചർമ്മരോഗങ്ങൾ ചെറുക്കാനും ചർമ്മത്തിന്റെ ചുളിവുകളും അകാലനരയും അകറ്റി ചെറുപ്പം നിലനിർത്താനും ആന്റിഓക്സിഡന്റുകൾ സഹായിക്കുന്നു. മുരിങ്ങയില നല്ലൊരു ആന്റിഓക്സിഡന്റാണ്.
- കാത്സ്യത്തിനാൽ സമ്പുഷ്ടമായതിനാൽ എല്ലുകളുടേയും പല്ലുകളുടേയും ബലം വർദ്ധിപ്പിക്കും.
- മുരിങ്ങയില എന്നും കഴിക്കുന്നത് മുഖക്കുരു ഉണ്ടാകുന്നത് തടയും.
- മുരിങ്ങയിലയുടെ പോഷകഘടകങ്ങളെല്ലാം മുരിങ്ങപ്പൂവിലും അടങ്ങിയിരിക്കുന്നു.
- പ്രോട്ടീൻ, കാത്സ്യം, അന്നജം, നാരുകൾ, വിറ്റാമിനുകൾ എന്നിവ മുരിങ്ങയിലയിൽ അടങ്ങിയിരിക്കുന്നതിനാൽ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ഇത് നിത്യാഹാരത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.
- രക്തം ശുദ്ധീകരിക്കുന്നതിനുവേണ്ടി മുരിങ്ങയില ഭക്ഷണത്തിൽ ഉൾപ്പെടുത്താം.
- വിറ്റാമിൻ സി ധാരാളം അടങ്ങിയിരിക്കുന്നതിനാൽ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാൻ ഉത്തമമാണ്.
- പതിവായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് രക്തസമ്മർദ്ദം കുറയ്ക്കാൻ നല്ലതാണ്.
- നാരുകളാൽ സമ്പുഷ്ടമായതിനാൽ മലബന്ധം കുറച്ച് സുഖശോധന പ്രദാനം ചെയ്യുന്നു.
- മുരിങ്ങയിലയും ഉപ്പും ചേർത്ത് ശരീരത്തിൽ നീരുള്ള ഭാഗങ്ങളിൽ പുരട്ടിയാൽ വേദന കുറയുകയും നീര് വലിയുകയും ചെയ്യും.
- ഹൃദയം, കരൾ, വൃക്കകൾ എന്നിവയുടെ ആരോഗ്യത്തിന് മുരിങ്ങയില നീര് നല്ലതാണ്.

ഡയറ്ററി & ന്യൂട്രീഷൻ വിഭാഗം

## Welcome to Jubilee Family

### CANTEEN

1 SUSHIL V A
2 NEETHU T R
3 ANITHA M R

### JR RESIDENT

4 Dr. AJAY BABU
5 Dr. ARCHU M J
6 Dr. RANI GEORGE
7 Dr. JEEZ JOSHY MANJALY
8 Dr. WINONA VERGHESE
9 Dr. AMALU JOY

### PHARMACY

10 LIMAMOL K LIMSON
11 ANGEL K T
12 JOSY MICHAEL
13 VINITHA V U
14 JASMIN K A
15 ASWANI VELAYUDHAN
16 ANCY BABU

### RADIOLOGY

17 LIJI M VARGHESE
18 SIMI C J
19 AKITHA BHARATHAN

20 ANJU ANTO — Anaesthesia
21 SIRAJUDHEEN P — Fellowship Student
22 Dr. JOHN JOSE — Jr Doctor Ayurveda
23 TINTUMOLE C TENNY — MC Pharmacology

## സ്വർഗ്ഗതാതന്റെ തിരുമന്ത്രണം

സ്ഫടികമാം എൻ പ്രിയപുത്രീ
നീയെന്റെ സ്വന്തം
നിന്നെയെൻ കരങ്ങളിൽ
താങ്ങിടാൻ
ഞാനെത്ര ദാഹിച്ചു മുദാ
എൻ പ്രിയ സൂനു തൻ
മേച്ചിൽ മേഞ്ഞിടും
പൊൻകിടാവായി
വാഴുക മോദം
അവൻ തൻ ഗാത്രെ.
പ്രാവുപോൽ പരിശുദ്ധനാം
എന്നാത്മാവു തന്നെ
നിൻ സന്തത സഹചാരിയായിടും
സദാ
ഈ ലോകാന്ത്യത്തോളം.
വചനമാം ജീവജലത്തിൽ
വരൂ നീ തളിർത്ത്
വിടരും താമര പോൽ
വിലസുക പ്രിയേ
നീയെന്നും അവനായ്
ആത്മാവു വർഷിക്കുമാ
വിശിഷ്ടദാനത്തിൻ
പ്രഭതൂകി ഏവർക്കും
പകിട്ടേകും
നീലാംബരമായ് വാഴുക

Sr. Dhanya,
Associate Professor,
JMCON



## എന്റെ ബാല്യം

മകരമഞ്ഞിൻ തണുപ്പിൽ
മനസ്സുപായുന്നു പുറകോട്ട്
മഞ്ചാടിമണികളും മാഞ്ചുവടും
മനസ്സിന്റെ കോണിൽ
മായാതെ നിൽപ്പൂ

ഉദയസൂര്യന്റെ കിരണങ്ങൾ
പുണരുവാൻ
ഉമ്മകൾ തന്ന് ഉണർത്തിടും മുത്തശ്ശി
ഉള്ളുരുകുന്നു നിത്യവും ഓർമ്മയിൽ
ഉള്ളുടുക്കിന്റെ നൊമ്പരം പോലെ

മുല്ലയും ചെത്തിയും നന്ത്യാർവട്ടവും
തുളസിപോൽ നിർമ്മലം
മറ്റെന്തുവേറെ
ഇലഞ്ഞികൾ പൂക്കുന്ന
ഇടവഴി നീളെ
ഇടറാതെ ഓടിയ
കൊലുസിട്ട പാദങ്ങൾ
തുള്ളിക്കളിക്കുന്ന
പൈകിടാങ്ങൾ പോലെ
തുള്ളിതുളുമ്പുന്നു ഇന്നും മനസ്സ്

ഓർമ്മകൾ ഓടക്കുഴലൂതിയെത്തുന്നു
സംഗീത സാന്ദ്രമായി സുപ്രഭാതങ്ങൾ
ഓർമ്മതൻ കോണിൽ
ഓർമ്മയായ് മുത്തശ്ശി
ഇനിവരും
തലമുറയ്ക്കോർത്തോർത്ത്
ദുഃഖിക്കുവാൻ എന്തുണ്ട് ബാക്കി
മനസ്സിന്റെ കോണിൽ
ഞാനിന്നുമോർക്കും എന്റെ ഭാഗ്യം
മഞ്ഞിൻകണം പോലെ
എന്റെ ബാല്യം

Ms. Hema M. S., Cardiac OT

# ജൂബിലിയിൽ റിപ്പബ്ലിക്ക്ദിനം ആഘോഷിച്ചു



ജൂബിലി മിഷൻ ആശുപത്രിയിൽ റിപ്പബ്ലിക്ക്ദിന പരേഡും, ആഘോഷവും നടത്തി. ഔപചാരിക ചടങ്ങുകൾക്കു ശേഷം മുഖ്യാതിഥി, തൃശ്ശൂർ അതിരൂപത ഫൈനാൻസ് ഓഫീസറും, ജൂബിലി മിഷൻ ട്രസ്റ്റ് അംഗവുമായ ബഹു. ഫാ. ജോയ് മൂക്കൻ ആശംസകൾ നേർന്നു.



## ഗൈനക്കോളജി വിഭാഗത്തിൽ ശില്പശാല



ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർക്കും നേഴ്സുമാർക്കുമായി അനുകമ്പ, ബഹുമാനം, കരുണ എന്നിവയുടെ പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് ജൂബിലിയിലെ ഗൈനക്കോളജി വിഭാഗം ഏകദിനശില്പശാല സംഘടിപ്പിച്ചു. ഡോ. എവിറ്റ ഫെർണാണ്ടസ് (ഫെർണാണ്ടസ് ഹോസ്പിറ്റൽ ഗ്രൂപ്പ്), Ms. ഷീന ബൈറോം എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിൽ നിന്ന് 145 പേർ ശില്പശാലയിൽ പങ്കെടുത്തു.



## ആയുർവ്വേദം കാലാതീതം

23



കുട്ടികളെല്ലാം പഠനത്തിന്റെ തിരക്കിലേയ്ക്ക് മാറിക്കഴിഞ്ഞു. ആയുർവ്വേദ ചികിത്സാശാസ്ത്രത്തിന് ധാരാളമായി സംഭാവന ചെയ്യാൻ സാധിക്കുന്ന ശാസ്ത്രമേഖലയാണ് വിദ്യഭ്യാസ രംഗം. കുട്ടികൾ പഠനത്തിൽ പുറകോട്ടുപോകുന്നതിന് അനേകം കാരണങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മോട്ടിവേഷൻ ഇല്ലാത്തതുതന്നെയാണ്. ശാരീരികമായി പറഞ്ഞാൽ അത് പല തരത്തിലുണ്ട്. സാധാരണ എല്ലാ കുട്ടികളും പരാതിപ്പെടുന്ന മേഖല പഠിച്ച കാര്യങ്ങൾ വേഗത്തിൽ മറന്നുപോകുന്നു എന്നതാണ്. ഇത്തരം അവസ്ഥകളിൽ ഏറ്റവും പ്രധാനപ്പെട്ടത് ബ്രഹ്മി, ശംഖുപുഷ്പി, മണ്ഡൂകപർണി മുതലായ ചെടികളാണ്. കുട്ടികളെക്കുറിച്ച് മാതാപിതാക്കൾ പറയുന്ന മറ്റൊരുകാര്യം, കുട്ടിക്ക് തീരെ ശ്രദ്ധയില്ല. കുറച്ച് സമയം ഇരുന്ന് പഠിക്കാൻ സാധിക്കുന്നില്ല. ഇത്തരം അവസ്ഥകളിൽ ഗുണം കാണുന്ന മരുന്നുകളാണ് അശ്വഗന്ധ, ഇരട്ടിമധുരം എന്നിവ. ചില മാതാപിതാക്കൾ പറയുന്ന മറ്റൊരുകാര്യം നന്നായി പഠിക്കും എന്നാൽ പരീക്ഷയ്ക്ക് മാർക്ക് കുറവും. അല്ലെങ്കിൽ പരീക്ഷാസമയത്ത് എല്ലാം മറക്കും. ഇത്തരം അവസ്ഥകളിൽ നല്ലത് ജഡാമാഞ്ചി, ചെറുപുന്നയരി തുടങ്ങിയ ഔഷധങ്ങളാണ്. കുട്ടികളിലെ സംസാരം വ്യക്തമാക്കാൻ വേണ്ടി രുദ്രാക്ഷം, വയമ്പ് എന്നിവ നല്ലതാണ്. ഉറക്ക സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തകര നല്ലതാണ്. ആയുർവ്വേദത്തിൽ പരാമർശിക്കുന്ന ജ്വരം എന്ന അവസ്ഥ ശിരസ്സിനെ ആശ്രയിച്ചു കഴിഞ്ഞാലും കുട്ടികൾ പഠനത്തിൽ പുറകോട്ട് പോകാം. ഇത്തരം കുട്ടികളുടെ നെറ്റിയിൽ മറ്റ് ശരീരഭാഗങ്ങളെ അപേക്ഷിച്ച് ചൂട് കൂടുതലായിരുക്കും എന്നാൽ പൂർണമായ പനി ആകണമെന്നില്ല ആയുർവ്വേദത്തിൽ പരാമർശിക്കുന്ന ബ്രഹ്മരസായനം എന്ന മരുന്നിന് കുട്ടികളുടെ ബുദ്ധിശക്തി കൂട്ടാൻ സാധിക്കുമെന്ന് അനുഭവത്തിൽ തെളിഞ്ഞിട്ടുണ്ട്. അടങ്ങിയൊതുങ്ങി ഇരിക്കാത്ത അവസ്ഥയ്ക്ക് മഹാതിക്തകം ഘൃതം എന്ന മരുന്ന് വളരെ നല്ലതാണ്. ബ്രഹ്മീ ഘൃതം. നളദാദി ഘൃതം, സാരസ്വത ഘൃതം, ശ്രീകണ്ഠാസവം തുടങ്ങി അനേകം മരുന്നുകൾ കുട്ടികളുടെ ബുദ്ധിശക്തി വർദ്ധിപ്പിക്കാൻ മാത്രമായി ആയുർവ്വേദത്തിൽ പരാമർശിക്കുന്നുണ്ട്.

**ഡോ. അനുമോദ് കാക്കശ്ശേരി,** എം. ഡി. ആയുർവ്വേദം
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

Editorial Board
Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Dinu | Ms. Vineetha